# ACADEMIC MASTER PLAN 2025-26

## Govt.Rajahs HS

## KOTTAKKAL



## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | മലപ്പുറം |
| സ്കൂൾ കോഡ് | 18032 |
| സ്കൂളിന്റെ പേര് | ജി ആർ എച്ച് എസ് എസ് |
| മേൽവിലാസം | കോട്ടക്കൽ പി ഒ<br>മലപ്പുറം |
| പിൻകോഡ് | 676503 |
| ഫോൺ നമ്പർ | 0483 274 5505 |
| ഇമെയിൽ അഡ്രസ് | grhsskottakkal@gmail.com |
| മുൻസിപ്പാലിറ്റി | കോട്ടക്കൽ |
| വിദ്യാഭ്യാസ ജില്ല | മലപ്പുറം |
| ഉപജില്ല | മലപ്പുറം |
| ക്ലാസുകൾ | 5 മുതൽ 12 വരെ |
| മാനേജ്മെൻറ് | ഗവൺമെൻറ് |
| പഠന മാധ്യമം | മലയാളം,ഇംഗ്ലീഷ് |

## സ്കൂൾ നേതൃത്വം

| | |
|---|---|
| പ്രിൻസിപ്പൽ | അബ്ദുൾ മജീദ് |
| പ്രധാന അധ്യാപകൻ | ബബിത പി ജെ |
| പിടിഎ പ്രസിഡണ്ട് | സാജിദ് മാങ്ങാട്ടിൽ |

# ആമുഖം

മലപ്പുറം ജില്ലയിൽ ജില്ലാ ആസ്ഥാനത്തുനിന്നും ഏകദേശം 14 കിലോമീറ്റർ തെക്കുപടിഞ്ഞാറ് ദിശയിൽ സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് കോട്ടക്കൽ ഗവൺമെൻറ് രാജാസ് ഹയർ സെക്കൻഡറി സ്കൂൾ.

"രാജാസ്" എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്. 13 ഏക്ര വരുന്ന സ്ഥലത്ത് കോട്ടക്കൽ കോവിലകം സ്ഥാപിച്ച ഈ വിദ്യാലയം മലപ്പുറം ജില്ലയിലെ പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

പാരമ്പര്യത്തോടൊപ്പം ആധുനികതയും കൈമുതലാക്കി വിദ്യാലയം ആയിരക്കണക്കിന് വിദ്യാർഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നു. തുടർച്ചയായ വർഷങ്ങളിൽ എസ്എസ്എൽസി പരീക്ഷയിൽ മുഴുവൻ കുട്ടികളെയും വിജയിപ്പിക്കുകയും ഗുണനിലവാരത്തിൽ വർദ്ധനവ് വരുത്തുകയും ചെയ്തുവരുന്നു.

സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി ,സ്കൗട്ട് ആൻഡ് ഗൈഡ്, ജെ ആർ സി ,ലിറ്റിൽ കൈറ്റ്സ്, വിദ്യാരംഗം സോഷ്യൽ സയൻസ് ക്ലബ്ബ് ,സയൻസ് ക്ലബ്ബ് ഗണിത ക്ലബ് , പരിസ്ഥിതി ക്ലബ്, സ്പോർട്സ് ക്ലബ്ബ് ,ടൂറിസം ക്ലബ്ബ് ,ഫിലിം ക്ലബ്ബ് തുടങ്ങി ഒട്ടേറെ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

കലാകായിക ശാസ്ത്രമേളകളിൽ കഴിവ് തെളിയിച്ച ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഈ സ്കൂളിൻറെ സംഭാവനയാണ്. ജില്ലയിലെ തന്നെ മികച്ച ലൈബ്രറി, അടൽ തിങ്കറിങ് ലാബ്, ഗണിത പാർക്ക് , വിശാലമായ രണ്ട് കളിസ്ഥലങ്ങൾ, പ്രകൃതി സൗഹൃദ ക്യാമ്പസ് എന്നിവ രാജാസിന്റെ തിളക്കത്തിന് മാറ്റുകൂട്ടുന്നു.

## ചരിത്രം

1920 ൽ ആണ് സ്കൂളിന് അംഗീകാരം ലഭിച്ചത്. ആദ്യത്തെ എസ്എസ്എൽസി ബാച്ച് പുറത്തിറങ്ങിയത് 1923 ൽ.1978 സ്കൂളിന്റെ സ്ഥലം അകചയർ ചെയ്ത് ഗവൺമെൻറ് ഏറ്റെടുത്തു. 1999 ൽ ഹയർ സെക്കൻഡറി ആയി ഈ വിദ്യാലയം ഉയർത്തപ്പെട്ടു.

## ഇന്ന്

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന ഹയർ സെക്കൻഡറി സ്കൂൾ എന്ന ഖ്യാതി നേടിയിട്ടുണ്ട്. യുപി- ഹൈസ്കൂൾ- ഹയർ സെക്കൻഡറി തലങ്ങളിലായി 3000 ത്തിലേറെ വിദ്യാർത്ഥികൾ പഠിക്കുന്നു.

8 ൽ 418, 9 ൽ 374, 10 ൽ 425 വിദ്യാർത്ഥികൾപഠിക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ 75 അധ്യാപകർ ജോലി ചെയ്തു വരുന്നു.

## അക്കാദമിക നേട്ടങ്ങൾ

തുടർച്ചയായ വർഷങ്ങളിൽ SSLC പരീക്ഷ എഴുതുന്ന മുഴുവൻ കുട്ടികളെയും വിജയിപ്പിക്കാൻ കഴിയുന്നു.15 ശതമാനത്തിൽ കൂടുതൽ കുട്ടികൾ A+ നേടുന്ന തരത്തിൽ കുട്ടികളെ പരിശീലിപ്പിക്കുന്നു. NMMS, USS പരീക്ഷകൾക്ക് വേണ്ടി കൃത്യമായ പഠനപദ്ധതികൾ ആസൂത്രണം ചെയ്തു മികച്ച പരിശീലനം നൽകി വരുന്നു. 2024 -25 വർഷത്തിൽ 47 വിദ്യാർത്ഥികൾ മുഴുവൻ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കി. കൂടാതെ 33 വിദ്യാർത്ഥികൾ USS നേട്ടം കൈവരിച്ചു .

കുട്ടികളുടെ നിലവാരത്തിന് അനുസൃതമായി ചിട്ടയായ പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കാൻ കഴിയുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ കഴിയുന്ന രീതിയിൽ SPC, സ്കൗട്ട് ആൻഡ് ഗൈഡ്,JRC, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ സന്നദ്ധ സംഘടനകളെ പരിശീലിപ്പിക്കുന്നു. പഠനത്തോടൊപ്പം സേവനമനോഭാവം വർധിപ്പിക്കാൻ സഹായിക്കുന്നു.

## പരിമിതികൾ

മേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തി മുന്നോട്ടു പോകാൻ കഴിയുന്നുവെങ്കിലും കൂടുതൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഇനിയും ഒട്ടേറെ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

പാരമ്പര്യ കെട്ടിടങ്ങളുടെ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുണ്ട്. ഹൈടെക് ക്ലാസ് മുറികൾ മുഴുവനായും ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല. ഗണിത ലാബ് സാമൂഹ്യശാസ്ത്രം ലാബ് എന്നിവ പ്രത്യേകമായി ഇല്ല എന്നുള്ളതും പഠിക്കുവാനും നിരീക്ഷിക്കാനും മികവുറ്റതാക്കാൻ മനോഭാവത്തിലും വരുത്തേണ്ടതുണ്ട്. പരിമിതിയാണ്.പ്രവർത്തിച്ചു അന്വേഷണാത്മകമായി അങ്ങനെ പഠനത്തെ കൂടുതൽ കഴിയുന്ന നൈപുണിയിലും രീതിയിൽ…

പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ആധുനിക സൗകര്യമുള്ള ശൗചാലയം ഇനിയും വരേണ്ടതുണ്ട്. വിശാലമായ രണ്ട് കളിസ്ഥലങ്ങൾ ഉണ്ടെങ്കിലും ഒരു സ്പോർട്സ് പവലിയന്റെ അഭാവം സ്കൂളിലുണ്ട്. അതുപോലെ ആധുനിക രീതിയിലുള്ള ഇൻഡോർ സ്റ്റേഡിയം ഉണ്ടാക്കേണ്ടതുണ്ട്. നാലുഭാഗവും സ്കൂളിൻറെ വിശാലമായി സുരക്ഷ കിടക്കുന്നതുകൊണ്ട് ഉറപ്പാക്കൽ പ്രയാസകരമായിരുന്നു.സ്കൂളിന് സ്വന്തമായി ഒരു സ്കൂൾ ബസ് മാത്രമേയുള്ളൂ.ഒന്നോ രണ്ടോ ബസ്സുകൾ അധികം വേണ്ടിവരുന്ന സാഹചര്യമാണുള്ളത്.

## സാമൂഹികമായ നേട്ടങ്ങൾ

ജൈവവൈവിധ്യം സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നു.സമീപവാസികളും സ്കൂളിനെ സ്നേഹിക്കുന്നവരും സ്കൂളിലെ നിത്യസന്ദർശകരാണ് . ക്ലബ് പ്രവർത്തനങ്ങൾ സാമൂഹിക ഇടപെടലുകൾ ശക്തമാകുന്ന രീതിയിൽ ക്രമീകരിക്കുന്നത് കൊണ്ടും, സ്കൂളിന്റെ നേതൃത്വം വിശാലമായ കാഴ്ചപ്പാടോട് കൂടി സമീപിക്കുന്നത് കൊണ്ടും, സാമൂഹിക ഇടപെടലുകൾ നടത്തുന്നതുന്നതുകൊണ്ടും കൂടുതലായ മാറ്റങ്ങൾ ഉണ്ടായിരിക്കുന്നു.പൂർവ്വവിദ്യാർത്ഥികൾ മുൻ അധ്യാപകർ എന്നിവരുടെ നിരന്തര ബന്ധം സ്കൂളിൻറെ ഉയർച്ചക്കായി സഹായകമായി

## പ്രവർത്തനങ്ങൾ ഇതുവരെ

മികവുറ്റ അധ്യയന വർഷത്തിനായി മെയ് മാസത്തിൽ തന്നെ വേണ്ട മുൻകരുതലുകൾ എടുത്തു.മെയ് 30 വെള്ളി രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു.ജൂൺ 5 ന് GET SET GO എന്ന പേരിൽ 10 ആം ക്ലാസ് വിദ്യാർത്ഥികൾക്കായി മോട്ടിവേഷണൽ ക്ലാസ് ശ്രീ സലിം ഫൈസൽ നയിച്ചു. ജൂൺ 5 ന് വിശദമായ SRG മീറ്റിംഗ് ചേർന്ന് സ്കൂൾ പ്രവർത്തനങ്ങൾ ചർച്ച ചെയ്തു തീരുമാനിച്ചു.ജൂൺ 30 ന് മുമ്പേ 10 % വിദ്യാർത്ഥികളുടെ വീട് സന്ദർശിക്കാൻ തീരുമാനമായി.

ജൂൺ 3 മുതൽ ജൂൺ 13 വരെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും പലഘട്ടമായി ബോധവൽക്കാരണ ക്ലാസ് നടത്തി.കൂടാതെ 9 ക്ലാസ് തലത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ബ്രിഡ്ജ് കോഴ്സ് സംഘടിപ്പിച്ചു. 8 ,9 ,10 ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ബേസ്‌ലൈൻ ടെസ്റ്റ് നടത്തി.

## **സബ്ജെക്ട് കൺവീനർ**

| | |
|---|---|
| മലയാളം | ശ്രീമതി. ഗിരിജ ദേവി |
| അറബിക് | ശ്രീ. അബ്ദുറഹ്മാൻ |
| ഉറുദു | ശ്രീമതി .ജുനൈസ |
| സംസ്കൃതം | ശ്രീമതി .മാലതി പി |
| ഇംഗ്ലീഷ് | ശ്രീമതി അമ്പിളി സി കെ |
| ഹിന്ദി | ശ്രീ. യൂനുസ് |
| സോഷ്യൽ സയൻസ് | ശ്രീമതി .സരിത നലാറ്റിൽ |
| ഗണിതം | ശ്രീ . അരുൺ സ് |
| ഫിസിക്കൽ സയൻസ് | ശ്രീമതി .ഷീബ എം |
| ബയോളജി | ശ്രീമതി .നിഷ ഐ |
| സയൻസ് ക്ലബ് | ശ്രീമതി ഷീബ എം |
| NMMS കൺവീനർ | ശ്രീ മുഹമ്മദ് മുസ്തഫ പി പി |
| | ശ്രീ . അരുൺ എസ് |
| | ശ്രീമതി .ഷീബ എം |

## 2024-25 അക്കാദമിക വർഷം മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1-സ്കൂൾതല അധ്യാപക ശാക്തീകരണം

2-ഭാഷാശേഷി വികസനം

3-ഗണിതശേഷി വികസനം

4-സ്പോക്കൺ ഇംഗ്ലീഷ്

5-ലൈബ്രറി പ്രവർത്തനം സമൂഹത്തിലേക്ക്

6-ശാസ്ത്ര പോഷണ പരിപാടികൾ

7-ലാബ് നവീകരണം

8-NMMS പരിശീലനം

9-പ്രതിഭകളെ കണ്ടെത്തൽ

10-വിവിധ സ്കോളർഷിപ്പ് പരീക്ഷ പരിശീലനങ്ങൾ

11-കലാ-പ്രവർത്തി പരിചയ പരിശീലനം

12-പച്ചക്കറി തോട്ടം

13-ശില്പശാലകൾ

14-ഭിന്നശേഷിയുള്ളവരുടെ ശക്തികരണം

15-മെഡിക്കൽ ക്യാമ്പ്

16-ലാംഗ്വേജ് ലാബ്

17-കായിക ശേഷി വികസനം

18-കലാമേള

19-കായികമേള

20-ശാസ്ത്രമേള

21-ഐടി മേള പ്രവർത്തിപരിചയ മേള

22-പഠനയാത്രകൾ

23-ക്ലാസ് പിടിഎ ശക്തികരണം

24-എന്റെ ക്ലാസ് എന്റെ അഭിമാനം പദ്ധതി